LIBRARY ARCHIVES Kerala Legislative Assembly

കള്ളനോട്ടടി സംബന്ധിച്ച കേസുകൾ

133 [1689] *ശ്രീ. വർക്കല കഹാർ:*
ശ്രീമതി മേഴ്സി രവി:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, *പി. ജെ. ജോയി:*
,, *ജോർജ് ജെ. മാത്യു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ രണ്ടു വർഷങ്ങൾക്കുള്ളിൽ സംസ്ഥാനത്ത് കള്ള നോട്ടടിക്കുന്ന എത്ര ഉപകരണങ്ങളും, കള്ളനോട്ടുകളും പിടിച്ചെടുത്തു;

(ബി) ഈ കാലത്ത് രജിസ്റ്റർ ചെയ്ത കള്ളനോട്ടു കേസുകളിൽ എത്ര പ്രതികളുണ്ട്;

(സി) സംസ്ഥാനത്ത് വിദേശ കറൻസി നോട്ടുകൾ വ്യാജമായി അടിക്കുന്നതും വിദേശ വ്യാജ കറൻസി സംബന്ധിച്ചതുമായ എത്ര കേസുകൾ ഇക്കാലത്ത് രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൂന്നു കമ്പ്യൂട്ടർ, കളർ ഫോട്ടോ സേഫ് മെഷീൻ, പ്രിന്റർ, സ്കാനർ എന്നീ ഉപകരണങ്ങളും 25,85,520 രൂപയുടെ കള്ളനോട്ടും പിടിച്ചെടുത്തു.

(ബി) 277 പ്രതികൾ.

(സി) മൂന്നു കേസുകൾ രജിസ്റ്റർ ചെയ്തു.

ഹോം നഴ്സ്-സെക്യൂരിറ്റി സേവനങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും വിവരങ്ങൾ ശേഖരിക്കുവാൻ നടപടി

134 [1691] *ശ്രീ. സാജു പോൾ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോം നഴ്സ്-സെക്യൂരിറ്റി സേവനങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും വിവരങ്ങൾ ശേഖരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) 2005 ജൂൺ 30 വരെ വിവിധ ജില്ലകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം എത്രയാണ്;

(സി) ഹോം നഴ്സ്-സെക്യൂരിറ്റി രംഗത്ത് പ്രവർത്തിക്കുന്നവർ ആക്രമിക്കപ്പെടുകയോ കൊല ചെയ്യപ്പെടുകയോ ചെയ്ത സംഭവങ്ങളുടെ വിശദ വിവരം അറിയിക്കുമോ;

(ഡി) പ്രസ്തുത മേഖലയിൽ പണിയെടുത്തവരാൽ കബളിപ്പിക്കപ്പെടുകയോ, കവർച്ച നടത്തുകയോ ചെയ്തുവെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകൾ എത്രയാണ്?

ഉത്തരം

(എ) ഹോം നഴ്സ്-സെക്യൂരിറ്റി സേവനങ്ങൾ ലഭ്യമാക്കുന്ന സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും വിവരങ്ങൾ പോലീസ് വകുപ്പിൽ ശേഖരിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ബി) ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

	ഹോം നഴ്സ്	*സെക്യൂരിറ്റി സ്ഥാപനങ്ങൾ*
തിരുവനന്തപുരം	18	13
കൊല്ലം	2	0
ആലപ്പുഴ	46	72
കോട്ടയം	43	8
ഇടുക്കി	46	2
എറണാകുളം	32	19
തൃശൂർ	32	15
കോഴിക്കോട്	..	13

(സി)

(1) കൊല്ലം ജില്ലയിൽ പോളയത്തോടുള്ള മാർജിൻ ഫ്രീ മാർക്കറ്റിലെ മോഷണ ശ്രമത്തിനിടെ സെക്യൂരിറ്റി ജീവനക്കാരൻ 55 വയസ്സുള്ള വേലായുധനെ 2-11-2004-ൽ കൊലപ്പെടുത്തിയതിലേക്ക് കൊല്ലം ഈസ്റ്റ് പോലിസ് സ്റ്റേഷൻ ക്രൈം 808/2004 പ്രകാരം കേസ് എടുത്തിട്ടുള്ളതും പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതും ചാർജ്ഷീറ്റ് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ആകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(2) കായംകുളം മാർജിൻ ഫ്രീ മാർക്കറ്റിൽ നിന്ന സെക്യൂരിറ്റി ജീവനക്കാരൻ ഭാസ്ക്കരൻ പിള്ള ഡ്യൂട്ടിക്കിടെ കൊല ചെയ്യപ്പെട്ടു. ഇതു സംബന്ധിച്ച് കായംകുളം പോലീസ് സ്റ്റേഷൻ ക്രൈം നംപർ 175/2002 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(3) ഹോം നഴ്സ് ആയി ജോലി നോക്കവേ പുഷ്പ എന്ന സ്ത്രീയെ പാലക്കാട് വച്ച് ആർ. എ. മൻസിൽ എന്ന വീട്ടിൽ വച്ച് സമീർ, റഹിന, മറ്റു നാലുപേർ എന്നിവർ ചേർന്ന് മാനഭംഗപ്പെടുത്തിയതു സംബന്ധമായി പട്ടാമ്പി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 328/04 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(4) 12-8-2001-ന് പൊന്നാനി പോലീസ് സ്റ്റേഷനതിർത്തിയിലെ വെളിയംകോട് വച്ച് അശ്വതി ഹോം നേഴ്സിംഗ് സ്ഥാപനത്തിലെ ഹോം നഴ്സ് ആയ ലീലാമണിയെ മേൽ സ്ഥാപനത്തിന്റെ ഉടമ വിനോദ് ബലാൽസംഗം ചെയ്തതു സംബന്ധമായി പൊന്നാനി പോലീസ് സ്റ്റേഷൻ ക്രൈം 327/01 ആയി കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ അറസ്റ്റ് ചെയ്ത് കേസ് ചാർജ് ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരം സംഭവങ്ങളിൽ 14 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പാവുംപ പോലീസ് സ്റ്റേഷൻ പ്രവർത്തനം

135 [1693] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ തഴവ പഞ്ചായത്തിലുൾപ്പെട്ട പാവുംപ പോലീസ് സ്റ്റേഷനു ഭരണാനുമതി ലഭിച്ചിട്ട് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സമായിട്ടുള്ളത് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പാവുംപ പോലീസ് സ്റ്റേഷൻ എത്രയും പെട്ടെന്ന് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly